**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - മലയോര പാതയുടെ - കാസറഗോഡ് മുതൽ തിരുവനന്തപുരം വരെ - പുതുക്കിയ അലൈൻമെന്റ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുമരാമത്ത് (എച്ച്) വകുപ്പ്

സ.ഉ. (എം.എസ്) നം: 44/2009/പൊ.മ.വ. തിരുവനന്തപുരം, തീയതി: 6-7-2009

---

പരാമർശം:- 1) ജി.ഒ.(ആർ.ടി) 13/05/പി.ഡബ്ല്യു.ഡി. തീയതി : 3-1-2005.
2) നാറ്റ്പാക് ഡയറക്ടറുടെ 21-5-09 -ലെ 101/HH/RRTD 2006/NATPAC നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തിന്റെ മലയോര പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കാസറഗോഡ് ജില്ലയിലെ നന്ദാരപദവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ ഒരു മലയോര ഹൈവേ നിർമ്മിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും അതിന്റെ അലൈൻമെന്റ് തയ്യാറാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ നാഷണൽ ട്രാൻസ്പോർട്ടേഷൻ, പ്ലാനിംഗ് ആന്റ് റിസർച്ച് സെന്ററിനെ (NATPAC) ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. അപ്രകാരം കാസറഗോഡ് ജില്ലയിലെ നന്ദാരപദവ് മുതൽ പാലക്കാട് ടൗൺ വരെയും പാലക്കാട് ടൗൺ മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെയും രണ്ടു ഘട്ടങ്ങളായി നാറ്റ്പാക് മലയോര ഹൈവേയുടെ പഠനം നടത്തുകയുണ്ടായി.

മുകളിൽ വായിച്ച സർക്കാർ ഉത്തരവ് പ്രകാരം മലയോര ഹൈവേയുടെ ഒന്നാംഘട്ടത്തിന് നാറ്റ്പാക് സമർപ്പിച്ച അലൈൻമെന്റ് അംഗീകരിക്കുകയുണ്ടായി. ഒന്നാംഘട്ടത്തിൽ വയനാട് ജില്ലയേയും മലപ്പുറം ജില്ലയേയും ബന്ധിപ്പിക്കുന്ന ഏകദേശം 10 കിലോമീറ്റർ നീളം വരുന്ന അരുണപ്പുഴ മുതൽ തമ്പുരാട്ടിക്കല്ലുവരെയുള്ള ഭാഗം വനഭൂമിയും നിലവിൽ റോഡുകൾ ഒന്നുംതന്നെ ഇല്ലാത്ത പ്രദേശങ്ങളുമായതിനാൽ അതുവഴിയുള്ള ഹൈവേക്ക് നാറ്റ്പാക് അലൈൻമെന്റ് തയ്യാറാക്കിയിരുന്നില്ല. പിന്നീട് പാലക്കാട് ടൗൺ മുതൽ കടുക്കറ വരെയുള്ള രണ്ടാംഘട്ടത്തിന്റെ പഠനം നടത്തി നാറ്റ്പാക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഒന്നാംഘട്ടത്തിലെ അരുണപ്പുഴ മുതൽ തമ്പുരാട്ടിക്കല്ലുവരെയുള്ള ഭാഗം ബന്ധിപ്പിക്കുന്നതിന് വനപ്രദേശത്തിന് പുറത്തുകൂടി ഒരു അലൈൻമെന്റും നാറ്റ്പാക് തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി. പുതുക്കിയ അലൈൻമെന്റ് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. സംസ്ഥാനത്തെ മലയോര പ്രദേശങ്ങളുടെ വികസനത്തിന് പരമാവധി പ്രയോജനപ്പെടുന്നവിധം കഴിവതും നിലവിലുള്ള പാതകളെ കോർത്തിണക്കിയാണ് നാറ്റ്പാക് അലൈൻമെന്റ് തയ്യാറാക്കിയിട്ടുള്ളത്.

ഈ സാഹചര്യത്തിൽ കാസറഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള മലയോര ഹൈവേക്ക് അനുബന്ധമായി ചേർത്തിട്ടുള്ള അലൈൻമെന്റ് സർക്കാർ അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
**ടോം ജോസ്**
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും), തിരുവനന്തപുരം
ഡയറക്ടർ, നാറ്റ്പാക്,
ഡയറക്ടർ, പബ്ലിക് റിലേഷൻസ്,
ജനറൽ അഡ്മിനിസ്ട്രേഷൻ (എസ്.സി.) ഡിപ്പാർട്ട്മെന്റ്.
(വൈഡ് ഐറ്റം നം. 3422. തീയതി: 1-7-09.)

പകർപ്പ് :
പൊതുമരാമത്ത് (സി, ഡി, ജി, പിഎസ്) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

# കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള നിർദ്ദിഷ്ട മലയോര ഹൈവേയുടെ അലൈൻമെന്റ്

**കാസർഗോഡ്**

നന്ദാരപദവ്-പുത്തിഗെ-പെർള-ബദിയടുക്ക-മുള്ളേരിയ-അത്തിനടി-പാണ്ടി-പടിപ്പ്-ബന്ദടുക്ക-ഇരഞ്ഞിലംകോട്-കോളിച്ചാൽ-പതിനെട്ടാംമൈൽ-വള്ളിക്കടവ്-ചിറ്റാരിക്കൽ-ചെറുപുഴ.

**കണ്ണൂർ**

ചെറുപുഴ-മഞ്ഞക്കാട്-ആലക്കോട്-കരുവഞ്ചാൽ-താവുകുന്ന്-നടുവിൽ-ചെമ്പേരി-പയ്യാവൂർ-ഉളിക്കൽ-വള്ളിത്തോട്-ആനപ്പന്തി-കരിക്കോട്ടകരി-എടൂർ-ആറളം-കാപ്പുകടവ്-പെരുമ്പുന്ന-മടപ്പുരച്ചാൽ-മണത്തണ-കൊട്ടിയൂർ-അമ്പായത്തോട്-ബോയ്സ് ടൗൺ.

**വയനാട്**

ബോയ്സ്ടൗൺ-മാനന്തവാടി-നാലാംമൈൽ-അഞ്ചുകുന്ന്-പനമരം-കൈനാട്ടി-കൽപ്പറ്റ-കാപ്പംകൊല്ലി-മേപ്പാടി-ചൂരൽമല-അരുണപ്പുഴ.

**കോഴിക്കോട്**

ബോയിസ്ടൗൺ-വാളാട്-കുഞ്ഞോം-വിലങ്ങാട്-കല്ലാച്ചി-കടിയങ്ങാട്-തലയാട്-കോടഞ്ചേരി-തിരുവമ്പാടി-കുടരഞ്ഞി-കുമ്പാറ-കക്കാടംപൊയിൽ-വെളിയംതോട്.

**മലപ്പുറം**

അരുണപ്പുഴ-തമ്പുരാട്ടിക്കല്ല്-പാലുണ്ട-എടക്കര-കരുളായി-മൂത്തേടം-പൂക്കോട്ടുംപാടം-കാളികാവ്-കേരളം-കിഴക്കേത്തല(കരുവാരക്കുണ്ട്)-തരിശു-പുൽവെട്ട-കരിങ്കൽത്തോണി-പൊൻപാറ.

**പാലക്കാട്**

പൊൻപാറ-എടത്തിനാട്ടുകര-കാപ്പുപറമ്പ്-തിരുവിഴാംകുന്ന്-കോട്ടോപ്പാടം-കുമരംപുത്തൂർ-മണ്ണാർക്കാട്-ചന്ദ്രനഗർ(പാലക്കാട്-ടൗൺ)-കല്ലിങ്ങൽ-പുതുനഗരം-കൊല്ലങ്കോട്-നെന്മാറ-വടക്കഞ്ചേരി.

**തൃശ്ശൂർ**

പട്ടിക്കാട്-വിലങ്ങന്നൂർ-മാന്ദാമംഗലം-പുലിക്കണ്ണി-പാലിപ്പിള്ളി-നായാട്ടുകുണ്ട്-വെള്ളികുളങ്ങര-വെറ്റിലപ്പാറ

**എറണാകുളം**

വെറ്റിലപ്പാല-അടിവാരം-കടപ്പാറ-ഇല്ലിത്തോട്-ചെട്ടിനട-പാണംകുഴി-പയ്യാൽ-കോട്ടപ്പടി-ചേലാട്-ഊഞ്ഞാപ്പാറ-നാടുകാണി-നേര്യമംഗലം-ആറാംമൈൽ-എളപ്ളാശ്ശേരി.

**ഇടുക്കി**

കുറത്തിക്കുടി-പെരുമ്പൻകുത്ത്-മാങ്കുളം-കല്ലാർ-ഇരുട്ടുകാനം-കുഞ്ചിത്തണ്ണി-രാജാക്കാട്-കുത്തുങ്കൽ-തിങ്കൾക്കാട്-മൈലാടുംപാറ-നെടുങ്കണ്ടം-പുളിയമ്മല-കട്ടപ്പന-ഏലപ്പാറ-കുട്ടിക്കാനം-മുണ്ടക്കയം.

കോട്ടയം

മുണ്ടക്കയം-എരുമേലി-പ്ളാച്ചേരി.

പത്തനംതിട്ട

റാന്നി-കുമ്പഴ-കോന്നി-പത്തനാപുരം.

കൊല്ലം

പത്തനാപുരം-പുനലൂർ-അഞ്ചൽ-കുളത്തുപ്പുഴ-മടത്തറ-കൊല്ലായിൽ.

തിരുവനന്തപുരം

കൊല്ലായിൽ-പാലോട്-പെരിങ്ങമ്മല-തെന്നൂർ-വിതുര-തോട്ടുമുക്ക്-മലയടി-പറണ്ടോട്-ആര്യനാട്-

കുറ്റിച്ചൽ-കള്ളിക്കാട്-വാഴിച്ചാൽ-അമ്പൂരി-കുടപ്പനമൂട്-ആനപ്പാറ-വെള്ളറട-കാരക്കോണം-പാറശ്ശാല.